പി.എസ്.സി.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി

21 (5691) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി.എസ്.സി.യെ പോലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സമയബന്ധിതവും കൃത്യതയും ഉദ്യോഗാർത്ഥികൾക്ക് വിശ്വാസ്യവുമായ നിലയിൽകൊണ്ടുപോകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉദ്യോഗാർത്ഥികൾ വളരെ കുറവുള്ള തസ്തികകളിൽ എഴുത്ത് പരീക്ഷ ഒഴിവാക്കി അതാത് കമ്പനി/കോർപ്പറേഷൻ/സൊസൈറ്റി/ഡിപ്പാർട്ട്മെന്റുകൾ എന്നിവ നടത്തുന്ന ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിൽ വലിയ പിഴവുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. †

((ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ നിയന്ത്രണമുള്ള എല്ലാ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലേക്കും പി.എസ്.സി. വഴി നിയമനം

22 (5692) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം കമ്പനി/കോർപ്പറേഷനുകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. വഴി നിയമനം നടത്താത്ത ഏതെല്ലാം കമ്പനി/കോർപ്പറേഷൻ/ബോർഡ് എന്നിവ ഉണ്ടെന്ന് വെളിരപ്പെടുത്തുമോ ; ഇത്തരം സ്ഥാപനങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിന് ആർക്കാണ് അധികാരം നൽകിയിട്ടുള്ളത് ;

(സി) സർക്കാർ നിയന്ത്രണമുള്ള എല്ലാ കമ്പനി/കോർപ്പറേഷൻ/ബോർഡുകളിലേക്കും പി.എസ്.സി വഴി നിയനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എസ്.സി. മുഖേന നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം -1) *

(ബി) പി.എസ്.സി. മുഖേന നിയമനം നടത്താത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം -2) നിലവിലുള്ള റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ചും ഡയറക്ടർ ബോർഡ് തീരുമാനപ്രകാരവും സർക്കാർ തീരുമാനത്തിന് വിധേയമായും അതാത് സ്ഥാപനങ്ങളിലെ മാനേജിംഗ് ഡയറക്ടർമാരാണ് നിയമനം നടത്തുന്നത്.

† അനുബന്ധം III,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ നിയന്ത്രണമുള്ള കമ്പനി/ കോർപ്പറേഷൻ/ബോർഡുകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഭരണവകുപ്പിന് നൽകിയിട്ടുണ്ട്.

വ്യത്യസ്ത തസ്തികകളിലേക്കുള്ള പി.എസ്.സി. പരീക്ഷകൾ ഒരുമിച്ചു നടത്തുന്ന നടപടി

23 (5693) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരേ യോഗ്യതയുള്ളയാളുകൾക്ക് വേണ്ടി നടത്തുന്ന വ്യത്യസ്ത തസ്തികയിലേക്കുള്ള പി.എസ്.സി പരീക്ഷകൾ ഒരുമിച്ച് നടത്തുന്നതിന് വേണ്ടി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇങ്ങനെ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ട് എന്തു മെച്ചമാണ് പി.എസ്.സി. ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു

മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര ആസൂത്രണ കമ്മീഷൻ പുതുതായി പുറപ്പെടുവിച്ച നിർദ്ദേശം

24 (5694) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് പുതുതായി എന്തൊക്കെ നിർദ്ദേശങ്ങളാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ളത് ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ എന്തെങ്കിലും ഔദ്യോഗിക കത്ത് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കൊച്ചി മെട്രോ പദ്ധതി ഡൽഹി മാതൃകയിൽ കേന്ദ്ര സംസ്ഥാന പങ്കാളിത്തത്തിൽ തന്നെ നടപ്പാക്കണമെന്ന ആവശ്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുമോ ;

(ഡി) ഇതിനായി വീണ്ടും സർവ്വകക്ഷി സംഘത്തെ ഡൽഹിയിൽ അയയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ & ബി) പുതിയ നിർദ്ദേശങ്ങൾ ഒന്നും രേഖാമൂലം ലഭിച്ചിട്ടില്ല. അവ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(സി & ഡി) പുതിയ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly